## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4660

27.06.2014-ലെ മറുപടിക്ക്

## പാലുല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി.കെ.എസ്.സലീഖ: | ശ്രീ. കെ.സി. ജോസഫ്.<br>(ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും<br>വകുപ്പ് മന്ത്രി) |
| (എ) പാലുല്പാദനത്തിൽ സ്വയം പര്യാപ്തത നേടാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനായി ക്ഷീരവികസന വകുപ്പ് മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പ്രോഗ്രാം, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി വിതരണ പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. എം.എസ്.ഡി.പി പ്രകാരം പശു/കിടാരി വളർത്തൽ യൂണിറ്റ് ആരംഭിക്കുന്നതിന് സബ്സിഡി അനുവദിക്കുകയും, മേൽത്തരം പശുക്കളെ/കിടാരികളെ അന്യസംസ്ഥാനത്തു നിന്നും വാങ്ങണമെന്ന നിബന്ധനയിലൂടെ സംസ്ഥാനത്തെ കാലിസമ്പത്ത് വർദ്ധിപ്പിക്കുകയും അതുവഴി ഉല്പാദനം വർദ്ധിക്കുകയും ചെയ്യുന്നു.<br><br>പാലുല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമിട്ട് മിൽമയുടെ തിരുവനന്തപുരം മേഖലാ യൂണിയൻ മിനി ഡയറി പദ്ധതി, കിടാരികളെ ദത്തെടുക്കൽ പദ്ധതി, കാലിത്തീറ്റ സബ്സിഡി, പശുക്കളെ വാങ്ങുന്നതിനുള്ള റിവോൾവിംഗ് ഫണ്ട്, മൃഗ ചികിത്സാ സഹായം, കർഷകർക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ്, ഉല്പാദന വർദ്ധനവിന് വേണ്ട വിരമരുന്നും മറ്റുല്പന്നങ്ങളും നൽകൽ എന്നിവ നടപ്പിലാക്കുന്നു. എറണാകുളം മേഖലാ യൂണിയൻ പാലിന് വേനൽക്കാല അധികവില, പശുക്കളെ വാങ്ങുന്നതിനുള്ള ലോണിന് പലിശ സബ്സിഡി, സബ്സിഡി നിരക്കിൽ വയ്ക്കോൽ വിതരണം, തൊഴുത്ത് പണിയുന്നതിന് സാമ്പത്തിക സഹായം, കന്നുകാലി ഇൻഷ്വറൻസ് സബ്സിഡി, കിടാരി വളർത്തലിന് 50% നിരക്കിൽ കാലിത്തീറ്റ, ഫാമുകൾക്ക് ട്രാൻസ്പോർട്ടേഷൻ സബ്സിഡി, |

പട്ടികജാതി വനിതകൾക്ക് കിടാരി വളർത്തൽ യൂണിറ്റ്, കർഷകർക്ക് പാൽ പാത്രങ്ങളും ക്ലീനിംഗിനുമുള്ള രാസവസ്തുക്കൾ നൽകുക, സംഘങ്ങൾക്ക് പാൽ ക്യാനുകളും ടെസ്റ്റിംഗ് ഉപകരണങ്ങളും നൽകുക, സംഘങ്ങൾക്ക് ക്യാനുകൾ, സെൻട്രിഫ്യൂജ് എന്നിവ വാങ്ങുന്നതിന് സബ്സിഡി, കർഷകർക്കും സംഘം ജീവനക്കാർക്കും പരിശീലനപരിപാടികൾ എന്നിവ നടപ്പാക്കുന്നു. മലബാർ മേഖലാ യൂണിയൻ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് കിടാരികളെ ദത്തെടുക്കൽ പദ്ധതി, ഉല്പാദന വർദ്ധനവിന് വേണ്ട ഉല്പന്നങ്ങൾ നൽകുക, മിനി ഡയറി യൂണിറ്റുകൾക്ക് ഫാം സപ്പോർട്ട് പദ്ധതി, ബദൽ തീറ്റ വസ്തുക്കളുടെ വിതരണം, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് പശുക്കളെയും കിടാരികളെയും ദത്തെടുക്കൽ പദ്ധതി എന്നിവയും നടപ്പിലാക്കുന്നുണ്ട്. ഇതിനു പുറമെ N.D.P -I പ്രകാരം Ration Balancing Programme (R.B.P), Village Based Milk Procurement System (VBMPS) എന്നീ പദ്ധതികളും നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| (ബി) | സംസ്ഥാനത്ത് ആവശ്യമായ പാൽ ഇവിടെത്തന്നെ ഉത്പാദിപ്പിക്കാൻ കഴിയുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്തിന് ആവശ്യമുള്ള മുഴുവൻ പാലും ഇവിടെത്തന്നെ ഉത്പാദിപ്പിക്കുവാൻ കഴിയുന്നില്ല. |
| (സി) | സംസ്ഥാനത്ത് പ്രതിദിനം എത്ര ലിറ്റർ പാലിന്റെ ആവശ്യകത ഉണ്ടെന്നും ഇതിൽ എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുവെന്നും പുറത്തു നിന്ന് എത്ര ലിറ്റർ പാൽ കൊണ്ടുവരുന്നുവെന്നും വ്യക്തമാക്കുമോ ; | (സി) | സംസ്ഥാനത്ത് പ്രതിദിനം 85 ലക്ഷം ലിറ്റർ പാൽ ആവശ്യമുണ്ട്. സംസ്ഥാനത്ത് ശരാശരി 81.25 ലക്ഷം ലിറ്റർ പാൽ ഉല്പാദിപ്പിക്കുന്നുണ്ട്. സംസ്ഥാനത്ത് 3 ലക്ഷം ലിറ്റർ മുതൽ 4.5 ലക്ഷം ലിറ്റർ പാൽ അന്യസംസ്ഥാനത്തു നിന്നും കൊണ്ടുവരുന്നുണ്ട്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റ ശേഷം പാലുത്പാദനത്തിൽ എത്ര ശതമാനം വർദ്ധനവ് / കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?. | (ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന 2010-11 ൽ 26.43 ലക്ഷം മെട്രിക് ടൺ ഉല്പാദനം 2012-13 ൽ 27.91 ആയി വർദ്ധിച്ചിട്ടുണ്ട്. അതായത് 1.48 ലക്ഷം മെട്രിക് ടൺ വർദ്ധന വുണ്ടായിട്ടുണ്ട്. |
| (ഇ) | ഈ സർക്കാർ അധികാരമേൽക്കുമ്പോൾ ഒരു ലിറ്റർ പാൽവില എത്രയായിരുന്നുവെന്നും ഇപ്പോൾ എത്രയാണെന്നും എത്ര പ്രാവശ്യം പാൽവില വർദ്ധിപ്പിച്ചുവെന്നും വ്യക്തമാക്കുമോ ; ഓരോ പ്രാവശ്യവുമുള്ള വർദ്ധനവിന്റെ നിരക്ക് വ്യക്തമാക്കുമോ ; | (ഇ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഒരു ലിറ്റർ പാലിന് 23/- രൂപ ആയിരുന്നു. 2 തവണ 5 രൂപ വീതം വർദ്ധിപ്പിച്ച് പാൽവില ഇപ്പോൾ 33/- രൂപ ആക്കിയിട്ടുണ്ട്. |

| | |
|---|---|
| (എഫ്) ചില സ്വകാര്യ ഡയറി ഫാമുകൾ പാലിൽ കൊഴുപ്പ് കൃത്രിമമായി കൂട്ടാൻ മാൾട്ടോ ഡെക്സ്റ്ററിൻ പോലുള്ള രാസവസ്തുക്കൾ വ്യാപകമായി ചേർക്കുന്നതായും, കഞ്ഞിപ്പശ ചേർത്തും അരി അരച്ച് ചേർത്തും പാലിന്റെ കൊഴുപ്പ് കൃത്രിമമായി കൂട്ടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം ഡയറി ഫാമുകൾക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ? | (എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ